**ഭരണഭാഷ മാതൃഭാഷ**

സ്പോർട്സ് 2/10399/2021/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി: 02.11.2021
ഫോൺ: 0471-2580 534, dpisports@gmail.com

# പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - ജെ.എൻ. ഹോക്കി സംസ്ഥാന സെലക്ഷൻ ടൂർണമെന്റ് നടത്തുന്നത് - സംബന്ധിച്ച് -

സൂചന : 1. ജെ.എൻ. ഹോക്കി ടൂർണമെന്റ് സൊസൈറ്റിയുടെ 28.09.2021 തീയതിയിലെ കത്ത്.
2. സർക്കാർ കത്ത് നം.: എൻ 1/130/2021/പൊ.വി.വ, തീയതി: 23.10.2021.

2021 ലെ ജെ.എൻ. ഹോക്കി ദേശീയ മത്സരം (അണ്ടർ 17 ആൺകുട്ടികൾ) 2021 ഡിസംബർ 26 മുതൽ 2022 ജനുവരി 06 വരെ ന്യൂഡൽഹി ശിവജി സ്റ്റേഡിയത്തിൽ വച്ച് നടത്തുന്നതായി സൂചന (1) കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള (അണ്ടർ - 17 ആൺകുട്ടികൾ) സ്കൂൾ ടീമിനെ തെരഞ്ഞെടുക്കുന്നതിനായുള്ള സംസ്ഥാനതല മത്സരങ്ങൾ **2021 നവംബർ 19-ാം തീയതി മുതൽ** നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന സ്കൂൾ ടീമുകളുടെ മാനേജരോ, മാനേജരുടെ ഒരു പ്രതിനിധിയോ **10/11/2021 ന് രാവിലെ 10.30 മണിക്ക് മുമ്പായി തൃശ്ശൂർ വിവേകോദയം ബോയ്സ് ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് രജിസ്റ്റർ ചെയ്യേണ്ടതാണ്.** രജിസ്ട്രേഷനുവരുമ്പോൾ പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയ എലിജിബിലിറ്റി സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ മാനേജർമാർ കൊണ്ടുവരേണ്ടതാണ്. മാനേജർമാരുടെ സാന്നിദ്ധ്യത്തിൽ അന്നേദിവസം തന്നെ മത്സരങ്ങളുടെ ഫിക്സ്ചർ തയ്യാറാക്കുന്നതും, മത്സര തീയതി, സ്ഥലം എന്നിവ അറിയിക്കുന്നതുമാണ്.

**ബന്ധപ്പെടേണ്ട ഫോൺ നമ്പർ :**

(1) ശ്രീ. മിഥുൻ വി - 9567036341

(2) ശ്രീ. ഗിരീഷ്കുമാർ സി. എസ് - 9447512745

## നിർദ്ദേശങ്ങൾ

1. മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമുകൾ http://keralaschoolsports.weebly.com/ എന്ന വെബ്സൈറ്റിലെ **ONLINE REGISTRATION LINK** ലെ (CLICK HERE) ഗൂഗിൾ ഫോമിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ രേഖപ്പെടുത്തി സബ്മിറ്റ് ചെയ്യേണ്ടതാണ്. കൂടാതെ ELIGIBILITY CERTIFICATE ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തി രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.
2. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ, കോച്ച്, മാനേജർ എന്നിവർ 72 മണിക്കൂറിനകം എടുത്ത RTPCR സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതാണ്.
3. പങ്കെടുക്കുന്ന സ്കൂൾ ടീമുകൾ സ്വന്തം ചെലവിൽ എത്തിച്ചേരേണ്ടതാണ്.
4. സ്കൂൾ ടീമുകളോടൊപ്പം നിർബന്ധമായും കോച്ചും, മാനേജരും ഉണ്ടാവേണ്ടതാണ്
5. താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.
6. മത്സരാർത്ഥികളായ കുട്ടികൾ 01/11/2004 നോ, അതിനു ശേഷമോ ജനിച്ചവരായിരിക്കണം.
7. 10/11/2021 ന് തൃശൂരിൽ വച്ച് നടത്തുന്ന രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് ഫിക്സ്ചർ തയ്യാറാക്കി കഴിഞ്ഞാൽ പിന്നീട് ഒരു ടീമിനെയും ഉൾക്കൊള്ളിക്കുന്നതല്ല.
8. ഫിക്സ്ചർ പ്രകാരം നടത്തുന്ന മത്സരങ്ങളിൽ ഏതെങ്കിലും ടീമുകൾ യഥാസമയം എത്തിച്ചേരാതിരുന്നാൽ എതിർടീമിനെ വിജയികളായി പ്രഖ്യാപിക്കുന്നതായിരിക്കും.
9. പങ്കെടുക്കുന്ന കുട്ടികൾ, മാനേജർ എന്നിവർക്ക് 150/- രൂപ ഡി.എ. നൽകുന്നതാണ്.
10. എല്ലാപേരും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. ആവശ്യമായ മാസ്ക്, സാനിട്ടൈസർ എന്നിവ കരുതിയിരിക്കണം.

വിശ്വസ്തതയോടെ

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

**(പകർപ്പ് താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളിലും സമയബന്ധിതമായി എത്തിക്കേണ്ടതാണ്)**